# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 08/2024
# 13.10.2024 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. വയനാട് ദുരിതാശ്വാസ ഫണ്ട് / സാലറി ചലഞ്ച്
6. പ്രവർത്തക ക്യാമ്പ്
7. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., ഡോ. എ. ബാലകൃഷ്ണൻ, ഡോ. മാണിക്ക്യരാജ് കെ., ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. ആർ. പ്രഗാഷ്, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. റിജുലാൽ ജി., രജിത സി. ആർ., ഡോ. സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ദിനേശൻ പി.കെ., സോബിൻ വർഗീസ് എം. വി., ഡോ. ബേബി ഷീബ സി. പി., ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. കെ. റഹീം, ഡോ. മനോ മോഹൻ ആന്റണി, ഡോ. സുനിൽ രാജ് എൻ. വി., ഡോ. മോത്തി ജോർജ്, അനൂപ് ജെ. ആലക്കപ്പള്ളി, സജീവ് യു. എസ്., ഡോ. സുജ ടി. വി., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അജി. പി. എൽ., ഡോ. വിഷ്ണു വി. എസ്., ഡോ. സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. റോസ് നിക്സ് പി.കെ., ജയരാജ് ജെ., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ടി. എ., ഡോ. രഞ്ജിത്ത് മോഹൻ, ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. സുകുമാരൻ എം.

ഉച്ചയ്ക്ക് 2 മണിക്ക് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ.എം.കെ ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കൂത്തുപറമ്പ് സമരനായകൻ സഖാവ് പുഷ്പൻ, പ്രശസ്ത ചലച്ചിത്ര നടൻമാരായ ടി. പി മാധവൻ, മോഹൻരാജ്, പ്രമുഖ വ്യവസായി രത്തൻ ടാറ്റ എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാനസമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

വയനാട് ദുരിതാശ്വാസ നിധി സമാഹരണം എത്രയും വേഗം പൂർത്തീകരിക്കണം. ആ ഇനത്തിൽ നിലവിൽ നാൽപ്പത്തിമൂന്ന് ലക്ഷം രൂപാ

സമാഹരിച്ചു. മുഖ്യമന്ത്രിയുടെ സാലറി ചലഞ്ചിൽ നമ്മുടെ 74% അംഗങ്ങൾ പങ്കെടുത്തു. പരമാവധി അംഗങ്ങളെ ഇതിന്റെ ഭാഗമാക്കാനുള്ള ഇടപെടൽ നടത്തണം. എത്രയും വേഗം ദുരിതാശ്വാസനിധി സമാഹരണം പൂർത്തീകരിച്ച് തുക സർക്കാരിന് കൈമാറണം. കേരള സർവ്വകലാശാല അന്തർദേശീയ തലത്തിൽ മികച്ച നേട്ടം കൈവരിച്ചത് അഭിമാനകരമാണ്. ഇതിനായി പ്രവർത്തിച്ച നമ്മുടെ ജനകീയ സർക്കാർ, ഈ മേഖലയിലെ നമ്മുടെ അധ്യാപകർ, വിദ്യാർത്ഥികൾ, പൊതുസമൂഹം എല്ലാവരേയും സംസ്ഥാന പ്രവർത്തക സമിതിക്കു വേണ്ടി അഭിവാദ്യം ചെയ്യുന്നു.

പ്ലെയ്സ്മെന്റ് നടപടികൾ നല്ല രീതിയിൽ നടക്കുന്നുണ്ട്. മ്യൂസിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പഠിക്കുന്നതിനായുള്ള കമ്മറ്റി രൂപീകരണത്തിന്റെ മിനിട്സ് പുറത്തിറങ്ങി. എത്രയും വേഗം പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും. പ്രിൻസിപ്പൽ നിയമനം എത്രയും വേഗം നടത്തുവാൻ ആവശ്യമായ ഇടപെടൽ നടത്തും. എയ്ഡഡ് സർവ്വീസ്, അസോസിയേറ്റ് പ്രൊഫസർ/ പ്രൊഫസർ പ്രൊമോഷനിൽ ഉൾപ്പെടെ പരിഗണിക്കുന്ന വിഷയം, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് തിരിച്ചുപിടിക്കുന്ന വിഷയം എന്നിവയിൽ സംഘടന വേണ്ട ഇടപെടൽ നടത്തും.യൂണിറ്റ് വിസിറ്റുകൾ ഇനിയും പൂർത്തീകരിക്കുവാൻ ബാക്കി ഉണ്ടെങ്കിൽ എത്രയും വേഗം പൂർത്തീകരിക്കണം.നാലു വർഷ യു.ജി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിശോധിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനായി സർക്കാർ ചുമതലപ്പെടുത്തിയ സമിതിയുമായി ഈ മാസം 18ന് സംഘടന ചർച്ച നടത്തുന്നതാണ്. കേന്ദ്രസർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ ഐഫെക്ടോയുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികൾ സംസ്ഥാനത്ത് സർവകലാശാല മേഖലകളിൽ നല്ല രീതിയിൽ സംഘടിപ്പിക്കണം. നവംബർ 19ന് ഡൽഹിയിൽ നടക്കുന്ന പാർലമെന്റ് മാർച്ചിൽ സംഘടനയുടെ സംസ്ഥാന ഭാരവാഹികളും, സിൻഡിക്കേറ്റ് അംഗങ്ങളും ഉൾപ്പടെ 13 പേർ പങ്കെടുക്കും. സംസ്ഥാന പ്രവർത്തക ക്യാമ്പ് കോഴിക്കോട് സംഘടിപ്പിക്കുന്ന കാര്യത്തിൽ ഒരു നിർദ്ദേശം ജില്ലയിൽ നിന്നും വന്നിട്ടുണ്ട് ഇതിൽ ഇന്ന് ചർച്ച ചെയ്ത് തീരുമാനമെടുക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും, അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്കും ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. സംഘടനയുടെ വയനാട് ദുരിതാശ്വാസ നിധി സമാഹരണം ഈ മാസം 20 നകം പൂർത്തീകരിച്ച് തുക സർക്കാരിന് കൈമാറാനും, കൈമാറാൻ നിശ്ചയിച്ച 50 ലക്ഷത്തിൽ കുറവ് വരുന്ന തുക സംഘടനയുടെ മൂന്നാർ ഫണ്ടിൽ നിന്നും തൽക്കാലത്തേക്ക് എടുക്കാനും ദുരിതാശ്വാസ നിധി സമാഹരണം പൂർത്തിയാവുന്ന മുറക്ക് പ്രസ്തുത തുക തിരികെ വെക്കാനും തീരുമാനിച്ചു.
2. മുഖ്യമന്ത്രിയുടെ സാലറി ചലഞ്ചിൽ ജില്ലയിൽ നിന്നും പങ്കെടുത്ത അംഗങ്ങൾ, ആകെ തുക എന്നിവ ഗൂഗിൾ ഷീറ്റിൽ ജില്ലാ സെക്രട്ടറിമാരിൽ നിന്നും സമാഹരിക്കുവാൻ തീരുമാനിച്ചു.
3. സംഗീത കോളേജ് അധ്യാപകരുടെ സർവീസ് വിഷയങ്ങൾ പഠിക്കാനുള്ള കമ്മറ്റി രൂപീകരിച്ച് എത്രയും വേഗം ഉത്തരവ് ഇറക്കാൻ ആവശ്യമായ ഇടപെടൽ നടത്തും.
4. നാലുവർഷ ഡിഗ്രി കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനതല ചുമതലയുള്ള കേരള സർവ്വകലാശാല രജിസ്ട്രാർ ഡോ.അനിൽകുമാറുമായി സംഘടന ഒക്ടോബർ 18ന് ചർച്ച നടത്തും.

5. കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ ഐഫക്ടോ ആഹ്വാനം ചെയ്ത പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി 2024 ഒക്ടോബർ 19ന് കണ്ണൂർ, കാലിക്കറ്റ്, എം ജി സർവ്വകലാശാലകൾ കേന്ദ്രീകരിച്ച് മേഖലാതല പ്രതിഷേധ പരിപാടികളും,സംസ്ഥാനതല പ്രക്ഷോഭ പരിപാടി നവംബർ 2ന് തലസ്ഥാനത്തും മികച്ച രീതിയിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു.
6. സംഘടനയുടെ സംസ്ഥാന പ്രവർത്തക ക്യാമ്പ് നവംബർ 30, ഡിസംബർ 1 തീയ്യതികളിൽ കോഴിക്കോട് വെച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
7. ഒക്ടോബർ 29ന് സംസ്ഥാന തലത്തിൽ മാലിന്യ വിമുക്ത കാമ്പസ് കാമ്പയിന് തുടക്കം കുറിക്കാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി

തിരുവനന്തപുരം
13-10-2024